# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2013 07/12/2015-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യോത്പാദനം**

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. ശിവദാസൻ നായർ:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യോല്പാദനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ? എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉൾനാടൻ മത്സ്യോല്പാദനത്തിൽ 66% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2010-11 ൽ 1.21 ലക്ഷം ടൺ ആയിരുന്ന ഉൾനാടൻ മത്സ്യോത്പാദനം 2014-15 ൽ 2.02 ലക്ഷം ടൺ ആയി വർദ്ധിച്ചു. |
| ബി) | സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷി രംഗത്ത് തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളുടെ നിലനിൽപ്പിനായി പദ്ധതി തയ്യാറാക്കുമോ? | ബി) | ഉൾനാടൻ മത്സ്യകൃഷി രംഗത്ത് തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിനായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയ്ക്കായി മത്സ്യസമൃദ്ധി - II ൽ 2015-18 കാലയളവിലേയ്ക്ക് 210 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2015-18 കാലയളവിൽ മത്സ്യസമൃദ്ധി II പദ്ധതി നടപ്പാക്കുന്നതിലൂടെ മൂന്ന് വർഷം കൊണ്ട് 35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കൂടാതെ കേജ് കൃഷി / പെൻ കൾച്ചർ / മസ്സൽ കൾച്ചർ എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നിരവധി തൊഴിൽ ദിനങ്ങൾ പുതിയതായി സൃഷ്ടിക്കപ്പെടുന്നു. |

സെക്ഷൻ ആഫീസർ